നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കാൻ സഹായകരമായ വിധം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായത്തോടു കൂടി കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി: (ശ്രീ ടി. എസ്. ജോൺ):

ന്യായവില ഡിപ്പോകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിൽ പുതുതായി സൃഷ്ടിച്ച ഉയർന്ന തസ്തികകൾ

*296 [313] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ പുതിയതായി എത്ര ഉയർന്ന തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ കെ. എം. മാണി):

26 ഉയർന്ന തസ്തികകൾ (ഗസറ്റഡ്) സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. തസ്തികകളുടെ വിവരം താഴെ കാണിച്ചിരിക്കുന്നു.

തസ്തിക	എണ്ണം
(1) സ്പെഷ്യൽ ഐ. ജി. ഓഫ് പോലീസ് (ഇൻറലിജൻസ് & റെയിൽവേസ്)	1 (ഒന്ന്)
(2) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ	1 (ഒന്ന്)
(3) പോലീസ് സൂപ്രണ്ട്	4 (നാല്)
(4) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്	4 (നാല്)
(5) സർക്കിൾ ഇൻസ്പെക്ടർ	16 (പതിനാറ്)
ആകെ	26 (ഇരുപത്തിയാറ്)

പെട്രോൾ ക്ഷാമം

*297 [314] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. വട്ടിയൂർക്കാവ് രവി:

ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഈ ഫെബ്രുവരി 5, 6 തീയതികളിൽ ഉണ്ടായ പെട്രോൾ ക്ഷാമത്തിന് കാരണം എന്തായിരുന്നു;

(ബി) പ്രസ്തുത ക്ഷാമം ഒഴിവാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഐ. ഓ. സി. ഒഴികെയുള്ള ഓയിൽ കമ്പനികളുടെ ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാർ കമ്പനികളുടെ എറണാകുളത്തുള്ള സംഭരണിയിൽനിന്നും എണ്ണ വഹിച്ചുകൊണ്ടു പോകുന്നതിനുള്ള കൂലി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫെബ്രുവരി 5 മുതൽ 7 വരെ സമരത്തിലായിരുന്നതിനാൽ ഫെബ്രുവരി 5 ഉം 6 ഉം തിയ്യതികളിൽ ഐ. ഓ. സി. യുടെ ഔട്ട്ലെറ്റുകൾ ഇല്ലാത്തിടത്തെല്ലാം പെട്രോളിന് കുറെ ക്ഷാമം നേരിട്ടു.

(ബി) 1. സമരം തുടങ്ങുന്നതിനു മുമ്പു തന്നെ അതായത് 2-2-79-ൽ ഗവൺമെന്റ് എല്ലാ കമ്പനികളുടേയും പ്രതിനിധികളെ എറണാകുളത്തു വിളിച്ചു വരുത്തി തർക്കങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിന്നു വേണ്ടി കോൺട്രാക്റ്റർമാരുമായി ഉടൻ സംഭാഷണം നടത്തണമെന്ന് നിർദ്ദേശിച്ചു.

2. സമരം ഉണ്ടാവുകയാണെങ്കിൽ ഐ. ഓ. സി. യുടെ പെട്രോൾ ഉൽപ്പന്നങ്ങൾ ക്രെഡിറ്റ് അസിസ്റ്റൻസ് നിലയിൽ മറ്റു കമ്പനികളുടെ ചില്ലറ വില്പനക്കാർക്ക് കിട്ടത്തക്കവിധം അവരെ സഹായിക്കണമെന്ന് ഗവൺമെന്റ് ഐ. ഓ. സി. യോടാവശ്യപ്പെടുകയും അവർ അംഗീകരിക്കുകയും ചെയ്തു.

3. ഇത്തരത്തിലുള്ള സമരം മൂലം പെട്രോളിനും മറ്റും ക്ഷാമം ഉണ്ടാവാതിരിക്കുന്നതിനായി ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാരുടെ ടാങ്ക് ലോറികൾ ഗവൺമെന്റാവശ്യത്തിന് ഉപയോഗിക്കുന്നതിനു അധികാരം നൽകുന്ന ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിച്ചു.

4. സമരക്കാലത്ത് പെട്രോൾ വ്യാപാരികളുടെ ലോറികൾ പോലീസ് സഹായത്തോടെ പെട്രോൾ ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനു വേണ്ട നടപടി സ്വീകരിച്ചു.

5. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ കൂടി ഈ കാലത്ത് കൂടുതൽ പെട്രോൾ വിതരണം നടത്തി.

6. സമരത്തിനു മുമ്പു തന്നെ എല്ലാ റീട്ടെയിൽ കേന്ദ്രങ്ങളിലും കഴിയുന്നത്ര പെട്രോൾ സ്റ്റോക്കു ചെയ്യുവാൻ വേണ്ട നിർദ്ദേശം കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

7. 7.2.1979-ൽ ഓയിൽ കമ്പനികളുടേയും ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാരുടേയും പ്രതിനിധികളുമായി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ സമരം ഉടനെ പിൻവലിക്കണമെന്ന് ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാരോട് അഭ്യർത്ഥിച്ചു. അതോടൊപ്പം തർക്ക വിഷയങ്ങൾ ഓയിൽ കമ്പനികളുടെ ഉന്നതോദ്യോഗസ്ഥൻമാരും കോൺട്രാക്റ്റർമാരുടെ പ്രതിനിധികളുമായി ഒരു മാസത്തിനകം ചർച്ച ചെയ്യുന്നതിന് ഒരവസരം ഉണ്ടാക്കിക്കൊടുക്കാമെന്ന് ഗവൺമെൻറ് ഏറ്റതു കൊണ്ടും അതുവരെ ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ ഫലമായും ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാർ പണിമുടക്കു സമരം ഉടൻ തന്നെ പിൻവലിച്ചു.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു നീക്കി വെച്ചിരിക്കുന്ന തുക

*298 [315] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ സാമ്പത്തിക വർഷം എന്തു തുക നീക്കിവെച്ചിട്ടുണ്ട്;

(ബി) ഇതനുസരിച്ച് എത്ര പേർക്ക് പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ, ബി & സി) : തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു മാത്രമായി പ്രത്യേകം തുക നീക്കിവെച്ചിട്ടില്ല. പക്ഷേ കൃഷി, വ്യവസായം, വിദ്യുച്ഛക്തി, വിദ്യാഭ്യാസം, ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ എല്ലാ മേഖലകളിലും ഉൾപ്പെടുത്തിയ പരിപാടികൾ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇക്കൊല്ലത്തെ പദ്ധതി മുതൽ മുടക്കു പ്രകാരം സുമാർ ഉണ്ടാവുന്ന തൊഴിലവസരങ്ങളുടെ കണക്കു താഴെ കൊടുക്കുന്നു.

1. മുഴുവൻ സമയ സാങ്കേതിക തൊഴിലുകൾ	:7600
2. മുഴുവൻ സമയ സാങ്കേതികേതര തൊഴിലുകൾ	:5300
3. അവിദഗ്ദ്ധ തൊഴിലുകൾ (ലക്ഷം മനുഷ്യ ദിവസങ്ങൾ എന്ന അടിസ്ഥാനത്തിൽ)	:421

റെയിൽവേ ഡിവിഷനുകളുടെ പ്രവർത്തനപരിധി

*299 (316) ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്ഥാപിക്കാൻ പോകുന്ന തിരുവനന്തപുരം റെയിൽവേ ഡിവിഷനേറെയും നിലവിലുള്ള ഒലവക്കോട് റെയിൽവേ ഡിവിഷനേറെയും പ്രവർത്തന പരിധി നിർണ്ണയം സംബന്ധിച്ച് റെയിൽവേ അധികൃതരിൽനിന്നും അവസാനമായി ലഭിച്ച നിർദ്ദേശം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly